# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 899 05/02/2020-ലെ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കേരള വാട്ടർ അതോറിറ്റി കിഫ്ബി മുഖാന്തരം മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ ടെണ്ടർ നടപടികൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയവ ഏതെല്ലാമെന്ന് കാരണസഹിതം വ്യക്തമാക്കുമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെട്ട എടയൂർ, എടവണ്ണ, രാമഞ്ചാടി-അലിഗഢ്, മഞ്ചേരി സബർബൻ എന്നീ നാല് കുടിവെള്ള പദ്ധതികളുടേയും പാക്കേജ് ഒന്നിന്റെ ടെണ്ടറുകളാണ് റദ്ദ് ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ നാൽ പ്രവൃത്തികളിൽ എടയൂരിന് മൂന്നും, എടവണ്ണക്ക് രണ്ടും, രാമഞ്ചാടിക്ക് മൂന്നും മഞ്ചേരിക്ക് മൂന്നും പ്രീ-ക്വാളിഫൈ ചെയ്ത ദർഘാസുകളാണ് ലഭിച്ചത്. ഹെഡ് ഓഫീസിൽ നടത്തിയ ദർഘാസുകളുടെ സൂക്ഷ്മ പരിശോധനയിൽ ശുദ്ധീകരണ പ്രക്രിയയില് ഉപയോഗിച്ചിരുന്ന സ്ലഡ്ജ് ബ്ളാങ്കറ്റ് സാങ്കേതികവിദ്യയുടെ പ്രായോഗികക്ഷമത വിലയിരുത്തിയതിൽ തൃപ്തികരമല്ല എന്നും കാണുകയുണ്ടായി. മാത്രവുമല്ല, എടയൂരിലെ രണ്ടും എടവണ്ണയിലെ ഒന്നും രാമഞ്ചാടിയിലെ രണ്ടും മഞ്ചേരിയിലെ രണ്ടും ദർഘാസുകൾ ടെണ്ടർ കണ്ടിഷന് അനുസരിച്ച് പ്രി -ക്വാളിഫൈ ചെയ്യുന്നില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇതിനെ തുടർന്ന് എല്ലാ ദർഘാസുകളും ഒറ്റ ദർഘാസ് (Single Tender) ആകുകയും നിലവിലുള്ള നിയമപ്രകാരം ആദ്യത്തെ ദർഘാസ് നടപടികളില് ലഭിക്കുന്നത് ഒറ്റ ദർഘാസ് ആണെങ്കില് ആയത് റദ്ദ് ചെയ്യണമെന്നതിനാല് ടി നാലു ദർഘാസുകളും റദ്ദ് ചെയ്യുകയുണ്ടായി. |
| ബി) | പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക്പുതിയ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ ടെണ്ടർ നടപടികൾ അംഗീകരിച്ചിട്ടുള്ളതും ഇനിയും അംഗീകരിക്കാനുള്ളതുമായവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ; | ബി) | മേൽപ്പറഞ്ഞ കിഫ്ബിയിലെ നാലു പദ്ധതികളുടേയും പാക്കേജ് ഒന്നിന്റെ റീ- ടെണ്ടർ നടപടികള് പൂർത്തിയായി. അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.. |
| സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ? | സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ രാമഞ്ചാടി–അലിഗർ കുടിവെള്ള പദ്ധതിയുടെ പാക്കേജ് രണ്ടിന്റെ വിതരണ ശൃംഖല മാറ്റുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയുടെപരിഗണനയിലാണ്. ബാക്കി വരുന്ന ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടേയും വിയർ നിർമ്മാണത്തിന്റേയും ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ